**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5250** **21-07-2022 - ൽ മറുപടിയ്ക്ക്**

**സ്കൂൾ കൗൺസിലേഴ്സിന്റെ കരാർ തീയതി പുതുക്കുന്നത്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ പി എസ് സുപാൽ | | ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | മാർച്ച് 31-ന് കരാർ അവസാനിച്ച പുനലൂർ മണ്ഡലത്തിലെ ഉൾപ്പെടെയുള്ള സംസ്ഥാനത്തെ സ്കൂൾ കൗൺസിലേഴ്സിന്റെ കരാർ ഏപ്രിൽ 2-ന് പുതുക്കുന്നതിന് സാമൂഹിക നീതി വകുപ്പ് ഡയറക്ടറേറ്റിൽ നിന്നും ഉത്തരവ് ഇറങ്ങിയിരുന്നുവെങ്കിലും നാളിതുവരെ കരാർ തീയതി പുതുക്കി നൽകിയിട്ടില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | സ്കൂൾ കൗൺസിലർമാർ സേവനം അനുഷ്ഠിക്കുന്നത് വനിതാ ശിശു വികസന വകുപ്പിന് കീഴിലാണ്. ഒരു വർഷം മുതൽ രണ്ടുവർഷത്തിനകത്ത് വരെ സേവനകാലാവധിയുള്ള 22 സ്കൂൾ കൗൺസിലർമാരുടെ കരാർ ഡയറക്ടറേറ്റ് തലത്തിൽ 23.05.2022-ാം തീയതി പ്രകാരം പുതുക്കി നൽകിയിട്ടുണ്ട്. കൂടാതെ രണ്ടു വർഷത്തിൽ കൂടുതൽ സേവന കാലാവധിയുള്ള 868 കൗൺസിലർമാരുടെ കരാർ 02.04.2022 മുതൽ 31.03.2023 വരെ പുതുക്കി ഡയറക്ടറേറ്റിൽ നിന്ന് ഉത്തരവ് നൽകിയിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ സ്കൂൾ കൗൺസിലർമാർക്ക് ജില്ലാ വനിതാ ശിശുവികസന ഓഫീസർമാരുമായി കരാറിൽ ഏർപ്പെടുന്നതിനുള്ള നിർദ്ദേശം നൽകിയിട്ടുണ്ട്. ഇതിൽ പുനലൂർ മണ്ഡലത്തിൽ ഉൾപ്പെടുന്ന, മൂന്നു ICDS പ്രോജക്ടുകളിലായി (അഞ്ചൽ, അഞ്ചൽ അഡിഷണൽ, പുനലൂർ അർബൻ) സേവനം അനുഷ്ഠിക്കുന്ന 9 സ്കൂൾ കൗൺസിലർമാരും ഉൾപ്പെടുന്നു. |
| (ബി) | കൃത്യമായി കരാർ പുതുക്കി നൽകുന്നില്ല എന്നതിനാൽ തന്നെ കൗൺസിലേഴ്സ് എല്ലാവരും ഇപ്പോൾ ദിവസ വേതനത്തിലാണ് ജോലി ചെയ്യുന്നത് എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) | നിലവിൽ സംസ്ഥാനത്തെ 890 സ്കൂൾ കൗൺസിലർമാരുടെ കരാർ 02.04.2022 - 31.03.2023 വരെ പുതുക്കി നൽകിയിട്ടുണ്ട്. |
| (സി) | കരാറിലൂടെ ഇരുപത്തി നാലായിരം രൂപ വേതനം ലഭിച്ചിരുന്നിടത്ത് ഇപ്പോൾ ദിവസവേതനത്തിൽ തുടരുന്നവർക്ക് തുച്ഛമായ വേതനം മാത്രമാണ് കിട്ടുന്നത് എന്നതിനാൽ സമയബന്ധിതമായി കരാർ പുതുക്കി നൽകേണ്ടതിനുള്ള നടപടികൾ കൈക്കൊള്ളുമോ; വിശദമാക്കാമോ? | (സി) | മേൽ പറഞ്ഞപ്രകാരം |

സെക്ഷൻ ഓഫീസർ